വ്യവസായ പരിശീലന വകുപ്പിന്റെ ചുമതലകൾ

69. [1851] ശ്രീ. എ. യൂനസ് കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ. ടി. ഐ. കളിൽ വനിതാ ഐ. ടി. ഐ. കൾ എത്രയെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് 8 സർക്കാർ വനിതാ ഐ. ടി. ഐ. കൾ നിലവിലുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. വനിതാ ഐ. ടി. ഐ. കൊല്ലം
2. ,, കോഴിക്കോട്
3. ,, കളമശ്ശേരി
4. ,, പാലക്കുടി
5. ,, ചെങ്ങന്നൂർ
6. ,, മലമ്പുഴ
7. ,, കണ്ണൂർ
8. ,, കഴക്കൂട്ടം

നിർമ്മാണ ചെലവിന്റെ ഒരു നിശ്ചിത ശതമാനം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിരിക്കണമെന്ന വ്യവസ്ഥ

70. [1852] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി വീടുകൾ നിർമ്മിക്കുമ്പോൾ നിർമ്മാണ ചെലവിന്റെ ഒരു നിശ്ചിത ശതമാനം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ചട്ടത്തിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന് ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലോൺ എടുത്ത് ഭവന നിർമ്മാണം നടത്തുന്ന ഗവൺമെന്റ് ജീവനക്കാരെ ഇതിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കെട്ടിടനിർമ്മാണ സാമഗ്രികളുടെ കയറ്റിറക്ക് കൂലിനിരക്കുകൾ ഓരോ ഇനത്തിലും നിജപ്പെടുത്തി ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) ഉണ്ട്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ട് 1989-ൽ ആണ് പ്രസ്തുത വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിനുള്ള മാനദണ്ഡം

71. [1853] ശ്രീ. ലോനപ്പൻ നമ്പാടൻ : തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 1996 ഫെബ്രുവരി 29 വരെ എത്രപേർക്ക് ഏതെല്ലാം മേഖലയിൽ പുതിയതായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ യഥാകാലം പുതുക്കി കൊണ്ടിരിക്കുകയും ചെയ്യുന്നവരെയെല്ലാം തൊഴിൽ രഹിതരായി കണക്കാക്കുന്നു.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1995 ഡിസംബർ വരെ 16331 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേർക്കും പൊതുമേഖലയിലാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. 29-2-1996 വരെയുള്ള കൃത്യമായ കണക്ക് മേഖലതിരിച്ച് ശേഖരിച്ചു നൽകുന്നതാണ്.

ടൂറിസം വികസന ഏജൻസി

72. [1854] ശ്രീ. ജോർജ്ജ് ജെ. മാത്യു : തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസന ഏജൻസി രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് രൂപവൽക്കരിച്ചത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly